## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1744** **09-12-2022 - ൽ മറുപടിയ്ക്ക്**

## കണ്ണൂർ ഗ്രീൻ ഫീൽഡ് തുറമുഖം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂരിൽ പുതുതായി ആരംഭിക്കാൻ പോകുന്ന ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ പഠനങ്ങൾ പൂർത്തിയായോ; അറിയിക്കാമോ; | (എ) | പദ്ധതി പ്രദേശത്തെ വിശദമായ മണ്ണ് പരിശോധന (ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ വിത്ത് ഡ്രില്ലിങ് 60 മീറ്റർ വരെ അണ്ടർ ദി സീ-ബെഡ്) പൂർത്തിയാ ക്കുകയും അന്തിമ റിപ്പോർട്ട് എൻ.ഐ.ടി കോഴിക്കോടിന്റെയും ജി.ഇ.സി തൃശ്ശൂരിന്റെയും പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം ജനുവരി 2022 ൽ ലഭിച്ചു.<br><br>അതിനുശേഷം സാങ്കേതിക കൺസൽറ്റന്റ്, M/s Howe Engineering Projects (India) Pvt Ltd. സമർപ്പിച്ച ഡിസൈൻ റിപ്പോർട്ട് പ്രകാരം breakwater ഡിസൈൻസ് സാങ്കേതിക പരിശോധനയിൽ മാറ്റങ്ങൾ വരുത്തേണ്ടതാണെന്നു ബോധ്യപ്പെട്ടു. ഐഐടി മദ്രാസ് ഡിസൈൻസ് പരിശോധിച്ചു. പ്രത്യേകിച്ചു ബ്രേക്ക്‌വാട്ടർ ഫൗണ്ടേഷൻ മാറ്റികൊണ്ടുള്ള അവരുടെ ശുപാർശകളോടെ റിപ്പോർട്ട് ജൂൺ 2022-ൽ ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പോർട്ടിന്റെ അന്തിമ ഡിസൈൻ റിപ്പോർട്ട് സാങ്കേതിക കൺസൽറ്റന്റ് തയ്യാറാക്കി. സാങ്കേതിക കൺസൽറ്റന്റ് തയ്യാറാക്കിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) സർക്കാരിന്റെ പരിഗണനയിലാണ്.<br><br>2021 മാർച്ച് മാസത്തിൽ State Environmental Impact Assessment Authority പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള Terms of Reference അംഗീകരിച്ചു. അതിനുശേഷം, വിശദമായ പാരിസ്ഥിതിക പഠനങ്ങളും, സാംപിളുകൾ ശേഖരിച്ച ശേഷം പരിശോധനയും, നക്കൽ റിപ്പോർട്ട് തയ്യാറാക്കലും എല്ലാം പുരോഗമിച്ചു വരുന്നു.<br><br>തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റുമതി - ഇറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വികസനത്തിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ കൺസൾട്ടന്റ്, ടാറ്റ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് (TCE), പ്രത്യേക സാമ്പത്തിക മേഖലകളുടെ (Special Economic Zones) ഇൻസെപ്ഷൻ റിപ്പോർട്ട് 2021 മാർച്ചിലും, ഹിന്റർലാൻഡ് ബിസിനസ് പൊട്ടൻഷ്യൽ റിപ്പോർട്ട് 2022 മാർച്ചിലും സമർപ്പിച്ചു. എസ്.ഇ.ഇസഡ്ന്റെ ഡി.പി.ആർ അംഗീകരിച്ച ശേഷം തുടങ്ങുന്നതാണ്. |
| (ബി) | ഈ പ്രവൃത്തി എപ്പോഴത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദാംശം അറിയിക്കാമോ? | (ബി) | പോർട്ടിന്റെ സാങ്കേതിക കൺസൾട്ടന്റ് തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) സർക്കാർ പരിശോധിച്ചുവരുകയാണ്. ടി റിപ്പോർട്ട് അംഗീകരിച്ച ശേഷം ഫൈനാൻസിങ് എപ്രകാരമാണെന്ന തീരുമാന മെടുക്കേണ്ടതുണ്ട്. എന്നിട്ടു വിശദമായ എഞ്ചിനീയറിംഗ്, പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ്/EPC കോൺട്രാക്ടറുടെ നിയമനം എന്നിവ നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ